**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5648** **16-03-2023 - ൽ മറുപടിയ്ക്ക്**

**കൊരട്ടി ഇൻഫോപാർക്ക് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡിന് ശേഷം ആഗോള രംഗത്ത് ഐ.ടി. വ്യവസായത്തിനുണ്ടായ കുതിപ്പ് പ്രയോജനപ്പെടുത്തുവാൻ കൊരട്ടി ഇൻഫോപാർക്കിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡിനു ശേഷം ഇടത്തരം നോൺ SEZ ഐ.ടി സ്പെയിസുകൾക്ക് വർദ്ധിച്ചു വരുന്ന ആവശ്യകത കണക്കിലെടുത്ത് 10 ഐ.ടി വില്ലകൾ പൂർണ്ണമായും ഐ.ടി കമ്പനികൾക്ക് അനുവദിച്ചു നൽകുകയുണ്ടായി. കൂടാതെ ആധുനിക ഐ.ടി മന്ദിരമായ ഇന്ദീവരത്തിന്റെ രണ്ടാം നില (28000 ചതുരശ്ര അടി) പൂർണ്ണമായും തയ്യാർ ചെയ്ത് ഐ.ടി കമ്പനികൾക്ക് നൽകുകയുണ്ടായി. തന്മൂലം 600 ലധികം നേരിട്ടുള്ള പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഈ ഐ.ടി മന്ദിരത്തിന്റെ മൂന്നാം നിലയിൽ 35000 ചതുരശ്ര അടിയിൽ 20 ഐ.ടി ഓഫീസ് സ്പെയിസുകൾ തയ്യാർ ചെയ്യുന്നതിനുള്ള പ്രവർത്തികൾ നടന്നു വരികയാണ്. കൊരട്ടി ഇൻഫോപാർക്കിലേക്ക് ദേശീയ പാതയിൽ നിന്നും നേരിട്ട് റോഡ് കണക്ടിവിറ്റി ഇല്ലാത്തത് ഐ.ടി പാർക്കിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഘടകമാണ്. |
| (ബി) | ആരംഭിച്ച് 10 വർഷത്തിലേറെയായിട്ടും ദേശീയ പാതയിൽ നിന്നും കൊരട്ടി ഇൻഫോപാർക്കിലേക്ക് പ്രവേശന കവാടവും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിച്ച് വിപുലപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. |
| (സി) | വൈഗ ത്രെഡുമായി വ്യവഹാരം പൂർത്തിയായ 12 ഏക്കർ ഭൂമി ഇൻഫോപാർക്കിന് ലഭ്യമാക്കി പാർക്ക് വിപുലപ്പെടുത്തുന്ന നടപടിയുടെ തത്സ്ഥിതി അറിയിക്കാമോ; പ്രസ്തുത ഭൂമിയിൽ എന്തെല്ലാം പദ്ധതികളാണ് ഇൻഫോപാർക്ക് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. |
| (ഡി) | വൈഗാ ത്രെഡിന്റെ ബാക്കി പാട്ട ഭൂമിയായ 30 ഏക്കറിൽ എന്തെല്ലാം പദ്ധതികളാണ് | (ഡി) | ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | ഇൻഫോപാർക്ക് വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ; ടി ഭൂമി എപ്പോഴാണ് ഐ ടി പാർക്കിനു വിപുലീകരണത്തിന് ലഭ്യമാകുന്നത് എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ